# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 131

08.06.2018 - ൽ മറുപടിയ്ക്ക്

### കൃഷി വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആന്റണി ജോൺ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എൻ. വിജയൻ പിള്ള | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ഏതെല്ലാം പ്രവർത്തന മേഖലകളിലാണ് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കാർഷിക വിജ്ഞാന വ്യാപനം, കാർഷികോല്പന്നങ്ങളുടെ വിപണനം, കർഷകർക്ക് സബ്സിഡി, പെൻഷൻ എന്നിവയുടെ വിതരണം, കാർഷിക യന്ത്രങ്ങൾ, പരിശീലനം ലഭിച്ച ടെക്നീഷ്യൻമാരുടെ സേവനം എന്നിവ ലഭ്യമാക്കൽ, കൃഷിമന്ത്രിയുമായി നേരിട്ട് ആശയവിനിമയം നടത്തൽ, പരാതി പരിഹരിക്കൽ, സോഷ്യൽ മീഡിയവഴിയുള്ള വിജ്ഞാന വ്യാപനം, ഔദ്യോഗിക ആവശ്യങ്ങൾക്ക് ജിയോ ടാഗിങ്ങ് ഉൾപ്പെടെയുള്ള ഐ.റ്റി. സാങ്കേതിക വിദ്യകളുടെ ഉപയോഗം, മണ്ണുപരിപോഷണ പദ്ധതികൾ എന്നീ മേഖലകളിൽ വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വരുന്നു. |
| ബി) കർഷകരുടെ സഹായത്തിനായി ആരംഭിച്ച കോൾ സെന്ററുകളുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ; | ബി) ശാസ്ത്രീയ കാർഷിക വിജ്ഞാന വ്യാപനത്തിനായി എസ്.എഫ്.എ.സി. തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കാർഷിക വിവരസങ്കേതം കാൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1800 425 1661). കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ബാംഗ്ളൂരു ആസ്ഥാനമായ കിസാൻ കാൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1800 180 1551) എന്നിവ കേരളത്തിലെ കർഷകർക്ക് വളരെ പ്രയോജനപ്രദമാണ്.<br><br>കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ എസ്.എഫ്.എസി.യിൽ കാർഷിക വിവര സങ്കേതം - ഒരു വിരൽ തുമ്പിൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി കോൾ സെന്റർ 1800-1245-1661 എന്ന ടോൾ ഫ്രീ നമ്പറോടെ പ്രവർത്തിക്കുന്നു. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ കാർഷിക ബിരുദധാരികൾ ഉൾപ്പെട്ട ടീം കർഷകരുടെ സംശയനിവാരണത്തിന് എസ്.എഫ്.എ.സി.യിൽ സജ്ജമായിട്ടുണ്ട്. കാർഷിക വിവരസങ്കേതം എന്ന ഫേസ്ബുക്ക് പേജ് വഴിയും 1800-425-1661 എന്ന ടോൾ ഫ്രീ നമ്പർ വഴിയും 9447051661 എന്ന വാട്ട്സാപ്പ് നമ്പർ വഴിയും ഉന്നയിക്കപ്പെടുന്ന കാർഷികാനുബന്ധമായി ഏതു ചോദ്യങ്ങൾക്കും ആധികാരികമായ മറുപടി ഈ സംവിധാനത്തിലൂടെ ലഭിക്കുന്നു. ഇന്ത്യയിൽ ആദ്യമായി സ്ഥാപിതമായ സോഷ്യൽ മീഡിയ കാൾസെന്ററാണ് കാർഷിക വിവര സങ്കേതം.<br><br>കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ബാംഗ്ളൂരു ആസ്ഥാനമായ കിസാൻ കാൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1800 180 1551) പ്രവർത്തിക്കുന്നു. കേരളത്തിലെ കർഷകർക്ക് മലയാളത്തിൽ അവരുടെ സംശയങ്ങൾ ചോദിക്കുന്നതിനും കാർഷിക ശാസ്ത്രജ്ഞരുടെ മറുപടി ലഭിക്കുന്നതിനും അവസരം ഉണ്ട്. |
| സി) വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം കർഷകരിലേയ്ക്ക് എത്തിയ്ക്കുന്നതിനായി ഡിജിറ്റൽ കർമ്മസേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | സി) ഉണ്ട്. നിലവിൽ ഡിജിറ്റൽ കർമ്മസേനയുടെ പ്രവർത്തനം ആരംഭദശയിലാണ്. കർഷക സമൂഹത്തിന്റെ ഉന്നമനത്തിനായി വിവര വിനിമയ സാങ്കേതിക വിദ്യയെ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുക എന്നത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്. ഇത്തരം മാറ്റങ്ങളെ അവലംബിക്കുന്നതിനു മുന്നോടിയായി വിവര |

വിനിമയ സാങ്കേതിക വിദ്യ, സമൂഹ മാധ്യമങ്ങൾ എന്നിവയിൽ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത പരിപോഷിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തെ മുൻനിർത്തി, സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെൻറ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (സമേതി), സംസ്ഥാന ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (നീലിറ്റ്) യുടെ സഹായത്തോടെ, വിവിധ പരിശീലന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം, തിരഞ്ഞെടുത്ത 60 കൃഷി ഉദ്യോഗസ്ഥർ/ അസിസ്റ്റൻറ് കൃഷി ഡയറക്ടർമാർ എന്നിവർക്ക്, വിവരവിനിമയ സാങ്കേതികവിദ്യ, സമൂഹ മാധ്യമങ്ങൾ വഴി വിജ്ഞാന വ്യാപനം എന്നിവയിൽ അടിസ്ഥാന പരിശീലനം നൽകുന്നു. അവരിൽ നിന്നും 25 ഉദ്യോഗസ്ഥരെ, നീലിറ്റ് (NIELIT) സംഘടിപ്പിക്കുന്ന 'അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സ് ഓൺ ഐ.സി.റ്റി. & സോഷ്യൽ മീഡിയ' എന്ന കോഴ്സിലേക്ക് പ്രകടന മികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആറു മാസം ദൈർഘ്യമുള്ള ഈ കോഴ്സിൽ ഓഫ് ലൈനായും ഓൺ ലൈനായും ക്ലാസുകൾ നൽകുകയും, മാസത്തിൽ രണ്ടു ദിവസം മാത്രം കോണ്ടാക്റ്റ് ക്ലാസുകൾ സംഘടിപ്പിക്കുകയും ബാക്കി ക്ലാസ്സുകളെല്ലാം 'Vidya2.nielt.in' എന്ന മാസ്സീവ് ഓപ്പൺ ഓൺ ലൈൻ കോഴ്സ്(MOOC)ലൂടെയും നൽകിയിട്ടുണ്ട്.

നീലിറ്റും, സമേതിയും, കൃഷി ഡയറക്ടറേറ്റിലെ ഐ.റ്റി. സെല്ലും സംയുക്തമായാണ് പരിശീലന കോഴ്സിന്റെ സിലബസ് തയ്യാറാക്കിയത്. കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്ന ഉദ്യോഗസ്ഥർ, സംസ്ഥാന കൃഷി വകുപ്പിന്റെ വിവരസാങ്കേതികവിദ്യ / വിവര വിനിമയ സാങ്കേതിക വിദ്യ / സമൂഹ മാധ്യമ പരിപാടികളുടെ മുഖ്യ നിർവാഹകരായി (core resource personnel) സേവനമനുഷ്ഠിക്കുന്നു. ഇതിനു പുറമേ വിവര സാങ്കേതിക വിദ്യകളിൽ ആഭിമുഖ്യമുള്ളവരും വിവിധ സോഫ്റ്റ്‌വെയർ മൊഡ്യൂളുകളിൽ പരിശീലനം സിദ്ധിച്ചവരുമായ മുപ്പതോളം ഫീൽഡ് തല ഉദ്യോഗസ്ഥർ മാസ്റ്റർ ട്രെയിനർമാരായും പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിലുള്ള ഒരു ഡിജിറ്റൽ കർമ്മസേന കൃഷിവകുപ്പിൽ നിലവിൽ പ്രവർത്തിച്ചു വരുന്നു.

| | |
|---|---|
| **ഡി)** കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പദ്ധതികളുമായി വിവരസാങ്കേതിക വിദ്യ സംയോജിപ്പിച്ച് കൊണ്ട് പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | **ഡി)** കൃഷിവകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ കൂടുതൽ ജനങ്ങളിലെത്തിക്കുവാനും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും mkisan.gov.in എന്ന പോർട്ടൽ വഴി കർഷകർക്ക് മലയാളത്തിൽ എസ്.എം.എസ്., സോഷ്യൽ മീഡിയകളായ ഫേസ്ബുക്ക് പേജ്, വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ എന്നിവ വഴി കാർഷിക വിജ്ഞാന വ്യാപനം, പദ്ധതി വിവരങ്ങൾ ഉല്പാദനോപാധികളുടെ ലഭ്യത, വിതരണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കൽ എന്നിവ നടന്നുവരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് കൃഷിവകുപ്പ് നൽകുന്ന കാർഷിക പെൻഷൻ സേവനാ പെൻഷൻ പദ്ധതിയുടെ https://welfarepension.lasg.Kerala.gov.in എന്ന പോർട്ടൽ വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പെൻഷൻ പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ ഫലപ്രദമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ